ശ്രീ. കെ. എ. ദാമോദരമേനോൻ : പഞ്ചായത്തിൽനിന്നും ഏർപ്പെട്ടത്തിയിരിക്കുന്ന പ്രൊഫഷൻ ടാക്സിനെപ്പറ്റിയാണോ?

ശ്രീ. പി. ആർ. ഫ്രാൻസീസ് : തൊഴിൽ നികുതിയുടെ കാര്യമാണ്.

ശ്രീ. കെ.എ. ദാമോദരമേനോൻ : തൊഴിൽ ഇല്ലാത്തവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി എടുക്കണമെന്ന് ഗവണ്മെൻറു വിചാരിക്കുന്നില്ല.

ശ്രീ. പി. ആർ. ഫ്രാൻസീസ് : ഉണ്ട്. അതിനുള്ള നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എ. ദാമോദരമേനോൻ: അന്വേഷിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ: കേന്ദ്ര ഗവണ്മെൻറിൽനിന്നും ഇവർക്ക് ആശ്വാസനടപടികളും കൂട്ടത്തലായി നൽകുന്നതിനുള്ള കൽപന വരുന്നതു വരെ കാത്തിരുന്ന അടിയന്തിരമായി അവർക്കു വല്ല ആശ്വാസ നടപടികളും ചെയ്തുകൊടുക്കാതിരിക്കാനുള്ള നടപടികളും ഇപ്പോഴും എടുത്തുകൊണ്ടിരിക്കുകയാണോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ബഹുമാനപ്പെട്ട മെമ്പർക്ക് അങ്ങനെ വല്ല ആലോചനയും ഉണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ. ഗവണ്മെൻറിനു അവർക്കു കഴിയുന്ന സഹായങ്ങളും ചെയ്തുകൊടുക്കണമെന്നുള്ള ആലോചനതന്നെയാണുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ: അവരിൽ ഇനിയും കുറെ ആളുകൾ കൂടി മരിക്കുന്നതിനുമുമ്പെ എങ്കിലും ഈ സഹായങ്ങൾ ലഭ്യമാകുന്നതിനു ഗവണ്മെൻറു ജാഗ്രതയായി നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, ഞാൻ അതാണ് ഇവിടെ പറഞ്ഞതു്. ബഹുമാനപ്പെട്ട അച്യുതമേനോൻ ചോദിച്ച ചോദ്യത്തിനു ഞാൻ മറുപടി പറഞ്ഞതാണ്. അതു കുറെക്കൂടി ഉച്ചത്തിൽ ശ്രീമാൻ ഗോപാലൻ ചോദിച്ചു എന്നേയുള്ളൂ.

ശ്രീ. എസ്. കുമാരൻ: ഈ സ്കീം ഇംപ്ലിമെൻറ് ചെയ്യുന്നതിനു് ഈ സ്റ്റേറിൽ ഏതുദ്യോഗസ്ഥനെയാണു ചുമതലപ്പെടുത്തിയിട്ടുള്ളതു്. ഇതു ഏതു് ഡിപ്പാർട്ടുമെൻറിൻെറ കീഴിലാണു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിലേക്കു് പ്രത്യേകമായിട്ടു് ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറാണു് ഇതു് കൈകാര്യം ചെയ്യുന്നതു്.

മുസ്ലീങ്ങൾ അദ്ധ്യയനം നടത്തുന്ന ഹൈസ്കൂളുകൾ

* 379. [10] ശ്രീ. കെ. ഹസ്സൻ ഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറും അതിൽ കൂടുതലും മുസ്ലീങ്ങൾ അദ്ധ്യയനം നടത്തുന്ന ഹൈസ്കൂളുകൾ കേരളത്തിൽ എത്രയുണ്ടു് ;

(ബി) ടി സ്കൂളുകളിലെല്ലാം അറബിക്കു് പണ്ഡിതന്മാരെ നിയമിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമിച്ചിട്ടില്ലാത്ത സ്കൂളുകളെത്ര ;

(ഡി) നിയമിക്കാതിരിക്കാൻ കാരണമെന്ത് ;

(ഇ) കല്പാർപട്ടം കാളനിയിലെ ഹൈസ്കൂളിൽ നാളിതുവരെ ഒരു അറബിക്ക് പണ്ഡിതനെ നിയമിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 118.

(ബി) എല്ലാ സ്കൂളുകളിലും നിയമിച്ചിട്ടില്ല.

(സി) 18.

(ഡി) ഈ നൂറു മുസ്ലീം വിദ്യാർത്ഥികളുള്ള എല്ലാ വിദ്യാലയത്തളിലും അറബി അദ്ധ്യാപകന്മാരെ നിയമിക്കണമെന്നില്ല. കല്പാർ പട്ടം കാളനിയിലെ ഹൈസ്കൂളിൽ 37 മുസ്ലീം വിദ്യാർത്ഥികൾ മാത്രമാണുള്ളത്.

ശ്രീ. കെ. ഹസ്സൻഗനി: അവർ തന്ന ഒരു നിവേദനത്തിൽ 200 മുസ്ലീം കുട്ടികൾ അവിടെ പഠിക്കുന്നുണ്ടെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. അതനുസരിച്ച് ഒന്നുകൂടി ആ കാര്യം പരിശോധിച്ചു വേണ്ട നടപടി എടുക്കുന്നതിനു ഗവണ്മെന്റു ശ്രദ്ധിക്കുമോ?

ശ്രീ. ആർ. ശങ്കർ : പരിശോധിച്ചു വേണ്ട നടപടി എടുത്തപ്പോഴാണ് ആകെ അവിടെ 87 കുട്ടികൾ മാത്രമേ ഉള്ള എന്നു കണ്ടത്.

ശ്രീ. സി. എം. കുട്ടി : അറബി അദ്ധ്യാപകന്മാരെ ഹൈസ്കൂളുകളിൽ നിയമിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്?

ശ്രീ. ആർ. ശങ്കർ: ഹൈസ്കൂളുകളിൽ പ്രൈമറി സെക്ഷനുണ്ടെങ്കിൽ അവിടെ നൂറിൽ കൂടുതൽ കുട്ടികൾ ഉണ്ടായിരിക്കണം എന്നുള്ളതാണ്.

പ്രൈവറ്റ് സ്കൂളുകളിൽ നടന്ന പുതിയ നിയമങ്ങൾ

* 380. [11] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963–64 വർഷത്തിൽ ഓരോ വിദ്യാഭ്യാസ ജില്ലയിലും പ്രൈവറ്റ് സ്കൂളുകളിൽ നടന്ന പുതിയ നിയമനങ്ങൾ എത്ര;

(ബി) ഇതിൽ ഓരോ ജില്ലയിലും 1963 നവംബർ അവസാനംവരെ എത്ര നിയമനങ്ങൾ അനുവദിച്ചു കൊടുത്തിട്ടുണ്ട് ;

(സി) നിയമനങ്ങൾ അപ്രൂവ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ, ബി) ഈ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

(സി) കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ ഡിപ്പാർട്ടുമെന്റു എടുത്തുവരുന്നുണ്ട്.

ശ്രീമതി കുസുമം : ഇവിടെ തന്നിരിക്കുന്ന സ്റ്റേറ്റുമെന്റനുസരിച്ചു നൂറുകണക്കിനുള്ള അപ്പായിന്റുമെന്റ്സ് അനുവദിച്ചിട്ടില്ലാത്തതായി കാണു

* Appendix II

LIBRARY ARCHIVES Kerala Legislative Assembly